( NQAS & KASH ACCREDITED ) m-234
ചാലക്കുടി നഗരസഭ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
Chalakudy P O, Thrissur, Kerala, Pin : 680307, Phone. 0480-2701823, 2708372
E-mail : thqhckdy123@gmail.com, thqhsuperintendent@yahoo.com
Website: www.talukhospitalchalakudy.org

**നം.സി. 2707/2023** | **ദർഘാസ് പരസ്യം** | **തിയ്യതി: 10.09.2024**

താലൂക്ക് ആസ്ഥാനആശുപത്രി ചാലക്കുടി - 20.09.2024 മുതൽ 19.09.2025 കാലഘട്ടത്തിലേക്ക് സ്ഥാപനത്തിലേക്ക് ആവശ്യമുള്ള അച്ചടി ജോലികൾ നടത്തുന്നതിനായി ടെൻഡർ ക്ഷണിക്കുന്നു.

- ടെൻഡർ ഫോമുകൾ ഈ സ്ഥാപനത്തിൽ നിന്നും 10.09.2024 മുതൽ 22.09.2024 ന് 05 മണി വരെ വിൽക്കപ്പെടുന്നതാണ്.
- ടെൻഡർ ഫോമിന്റെ വില-1000രൂപ + 18% ജി.എസ്.ടി, EMD – 5000 രൂപ.

**23.09.2024** ന് രാവിലെ 11.30 മണിക്ക് മുൻപായി പൂരിപ്പിച്ച ടെൻഡറുകൾ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. പൂരിപ്പിച്ച ടെൻഡർ ഫോമിനോടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക കരാർ സമർപ്പിക്കേണ്ടതാണ്. അന്നേ ദിവസം 12 മണിക്ക് ഹാജറുള്ള ടെൻഡറർമാരുടെ സാന്നിദ്ധ്യത്തിൽ ടെൻഡറുകൾ തുറക്കുന്നതാണ്. ടെൻഡറുകൾ പരിശോധിച്ച് എറ്റവും കുറവ് തുക രേഖപ്പെടുത്തിയിട്ടുള്ളതും അനുയോജ്യവുമായ ടെൻഡർ താത്കാലികമായി ഉറപ്പിക്കുന്നതാണ്. ടെൻഡർ അംഗീകരിച്ച് അറിയിപ്പുകിട്ടുന്ന സ്ഥാപനം ടെൻഡർ തുകയുടെ 5 ശതമാനം തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. അച്ചടി സാമഗ്രികൾ യഥാസമയം ലഭ്യമാക്കാതിരിക്കുകയോ ഗുണമേന്മ കുറഞ്ഞവ ലഭ്യമാക്കുകയോ ചെയ്യുന്നപക്ഷം അതുമൂലം ഉണ്ടാകാവുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതും കഷ്ടനഷ്ടങ്ങൾ കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഏതൊരു ടെണ്ടർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും റദ്ദ്ചെയ്യുന്നതിനുമുള്ള പൂർണ്ണ അധികാരം ഈ സ്ഥാപനമേധാവിയിൽ നിക്ഷിപ്തമാണ്. കൂടാതെ കരാറുകാരൻ ഈ സ്ഥാപന മേധാവിയുമായി സ്വന്തം ചെലവിൽ (200 രൂപയുടെ മുദ്രപത്രത്തിൽ) നിർദ്ദിഷ്ടമാതൃകയിലുള്ള എഗ്രിമെന്റ് ഒപ്പിടേണ്ടതാണ്. കരാറുകാരന് ജി.എസ്.ടി രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. കേരള സർക്കാറിന്റെ സ്റ്റോർ പർച്ചേഴ്സ് റൂളും സമാനഉത്തരവുകളും ഈ ടെൻഡർ നടപടികൾക്ക് ബാധകമാണ്. പ്രിന്റ് ചെയ്യേണ്ട മെറ്റീരിയൽസിന്റെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. ഓരോ ഇനത്തിനും എത്ര പേജ് ആണെന്ന് രേഖപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകീട്ട് 5 മണിവരെ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

സൂപ്രണ്ട്

Superintendent
THQ Hospital Chalakudy

പകർപ്പ്
1.പബ്ലിക്ക് റിലേഷൻസ് ആഫീസർ,തൃശ്ശൂർ.
2.നഗരസഭാകാര്യാലയം.ചാലക്കുടി.
3.ബ്ലോക്ക് ആഫീസ്. ചാലക്കുടി.
4.വില്ലേജ്ആഫീസർ, ചാലക്കുടി.
5. നോട്ടിസ് ബോർഡ് / ഫയൽ

TALUK HEAD QUARTERS HOSPITAL * CHALAKUDY-680 307 *